പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3316 24.02.2016-ലെ മറുപടിക്ക്

ജീവപര്യന്തം തടവുകാരുടെ മോചനം

ചോദ്യം

ശ്രീമതി.ഇ.എസ്.ബിജിമോൾ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) പത്ത് വർഷം ശിക്ഷ പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരെ വിട്ട് അയയ്ക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ; | എ) 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയവരുടെ അകാല വിടുതൽ ഇപ്പോൾ പരിശോധിച്ചുവരുന്നു. |
| ബി) 30.06.2014, 29.09.2015 എന്നീ തീയതികളിൽ കൂടിയ ജയിൽ ഉപദേശക സമിതി ശിപാർശ ചെയ്ത ജീവപര്യന്തം തടവുകാരുടെ മോചനം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ; | ബി) 30.6.2014 തീയതിയിൽ നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൂടിയ ജയിൽ ഉപദേശക സമിതി, മോചനത്തിന് ശുപാർശ ചെയ്ത 6 ജീവപര്യന്തം തടവുകാരെ, 14.01.2016-ലെ G.O.(MS) No.11/2016/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരവും, 29.09.2015 തീയതി നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൂടിയ ജയിൽ ഉപദേശക സമിതി മോചനത്തിന് ശുപാർശ ചെയ്ത 19 ജീവപര്യന്തം തടവുകാരെ, 14.01.2016-ലെ G.O.(MS) No.10/2016/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരവും ജയിൽ മോചിപ്പിക്കുകയുണ്ടായി. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജീവപര്യന്തം തടവുകാരെ മോചിപ്പിച്ചിട്ടുണ്ട്; | സി) 134 തടവുകാരെ. |
| ഡി) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ വേതനം വർദ്ധിപ്പിച്ചിട്ട് എത്ര വർഷമായി; ആയത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ പ്രാബല്യത്തിൽ വരും; വിശദമാക്കുമോ? | ഡി) 8 വർഷത്തിന് മുകളിൽ. തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ